# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട് അക്കാദമിക് അഫയേഴ്സ് ഉപസമിതിയുടെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക ബി VII സെക്ഷൻ**

നമ്പർ :367/3/ഏസിബി VII/2019      തീയതി : പി ഡി ഹിൽസ് 21 /01/2019

---

പരാമർശം :1)2019 ജനവരി മാസം 7-)0 തീയതി രാവിലെ 11-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ അക്കാദമിക് അഫയേഴ്സ് ഉപസമിതിയുടെ ഇനം നം.182444 നടപടിക്രമങ്ങളുടെ ചുരുക്കം.

2)സർവ്വകലാശാലയിലെ സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച ഉയർന്നു വരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 16.10.2018,16.11.2018 എന്നീ തീയതികളിൽ ബഹു.വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

അക്കാദമിക് അഫയേഴ്സ് ഉപസമിതി യോഗം ഡോ.അജി. സി. പണിക്കരുടെ അദ്ധ്യക്ഷതയിൽ കൂടി പരാമർശം (1) പ്രകാരം താഴെ പറയുന്ന ശുപാർശകൾ കൈക്കൊണ്ടു

1. എല്ലാ പഠനവകുപ്പുകളിലെ പ്രവർത്തനങ്ങളെയും അവിടെ നടത്തുന്ന കോഴ്സുകളെയും സംബന്ധിച്ച് വിശദവിവരങ്ങൾ സർവ്വകലാശാലയുടെ വെബ്സൈറ്റിൽ വെബ്സൈറ്റിന്റെ അഡ്മിനിസ്ട്രേഷൻ വിഭാഗം നൽകേണ്ടതാണ്.

2. വിവിധ കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും ചുരുങ്ങിയത് 75% അറ്റെൻഡൻസ് ലഭിക്കുന്ന രീതിയിൽ പ്രവേശനനടപടികൾ അവസാനിപ്പിക്കണം

3. പഠനവകുപ്പുകളിലെ പി.ജി,എം.ഫിൽ പ്രവേശനത്തനത്തിനായുള്ള ഓൺലൈൻ രെജിസ്ട്രേഷനുള്ളസൗകര്യം വർഷം മുഴുവൻ ഏർപ്പെടുത്തുവാനുള്ള ആവിശ്യം നിരസിക്കുവാൻ ശുപാർശ ചെയ്തു.

4. മുൻ വർഷത്തെപ്പോലെ എൻട്രൻസ് ടെസ്റ്റ് നടത്തുവാനും അതുവഴി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ബന്ധപ്പെട്ട പഠനവകുപ്പുകളിലേക്കു നൽകി പ്രവേശനനടപടികൾ ഡിപ്പാർട്ട്മെന്റിൽ നടത്തുവാനും, കേരളത്തിന് പുറത്ത് ബംഗളൂരു, ചെന്നൈ എന്നീ കേന്ദ്രങ്ങളിലും കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും പരീക്ഷാകേന്ദ്രം ഏർപ്പെടുത്തുവാനും ഏതെങ്കിലും പരീക്ഷ കേന്ദ്രത്തിലേക്ക് വളരെ കുറച്ച് രെജിസ്ട്രേഷൻ മാത്രമേ ചെയ്തിട്ടുള്ളു എങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ മറ്റേതെങ്കിലും പരീക്ഷ കേന്ദ്രത്തിലേക്ക് മാറ്റുവാനുള്ള അധികാരം സർവകലാശാലക്ക് കൊടുക്കുവാനും ശുപാർശ ചെയ്യുന്നു.

5. സർക്കാർ നയത്തിനനുസരിച്ച് വിദേശ വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുന്നു.

6. ഓൺലൈൻ സ്റ്റുഡന്റ് സപ്പോർട്ട് സിസ്റ്റം നിലവിൽ വരുത്തുവാൻ ശുപാർശ ചെയ്യുന്നു

7. നിലവിലുള്ള 6 വിദ്യാർത്ഥി ഹോസ്റ്റലുകളിലെ പ്രവേശനം കോഴ്സ് അഡ്മിഷനുമായി ബന്ധപ്പെടുത്തി നടത്തുവാനും കോഴ്സ് പൂർത്തിയാക്കുന്ന മുറക്ക് പി.ജി,എം.ഫിൽ വിദ്യാർത്ഥികൾക്ക് നിർബന്ധിത വിടുതൽ നൽകുവാനും ഗവേഷണ വിദ്യാർത്ഥികൾക്ക് 3 മുതൽ 5 വർഷത്തിനുള്ളിൽ ഹോസ്റ്റലുകളിൽ നിന്നും വിടുതൽ നൽകേണ്ടതാണെന്നും ശുപാർശ ചെയ്യുന്നു.

8. 2019-20 വർഷത്തെ അക്കാദമിക കലണ്ടർ തയ്യാറാക്കുന്നതിനായി സി.എസ്.എസ് കൺവീനർ ഡോ.ജെ.ജി റേ യെ ചുമതലപ്പെടുത്തിയത് അംഗീക്കരിക്കുവാൻ ശുപാർശ ചെയ്യുന്നു

9. സർവ്വകലാശാലയിലെ ഹോസ്റ്റൽ സൗകര്യങ്ങൾ പരമാവധി വിനിയോഗിക്കാൻ ഹോസ്റ്റലിന്റെ അഡ്മിഷൻ രജിസ്റ്റർ ചാർജിലുള്ള വാർഡന്മാരെ നിയമിച്ച് അവരുടെ പക്കൽ സമർപ്പിക്കാനും ഹോസ്റ്റലിൽ അനധികൃത വിദ്യാർത്ഥി പ്രവേശനം തടയുവാനും ശുപാർശ ചെയ്തു.

10. സ്കൂൾ ഓഫ് സോഷ്യൽ സയൻസിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ ചോദ്യങ്ങളിൽ എം.സി.ക്യൂ മാതൃകയിലുള്ള ചോദ്യങ്ങളോടൊപ്പം വിവരാത്മക ചോദ്യങ്ങളും ഉൾപ്പെടുത്തുവാൻ നടപടിയെടുക്കുവാൻ ശുപാർശ ചെയ്യുന്നു

11. 2019-20 ലെ പഠനവകുപ്പുകളിലെ പ്രവേശമേൽനോട്ടം നടത്തുന്നതിലേക്കായി ഡോ.ജെ.ജി റേ ഡോ.റോബിനെറ്റ് ജേക്കബ്, ഡോ.രാജീവ് കുമാർ എൻ.,ഡോ.സി. വിനോദൻ, ഡോ.ബിസ്മി ഗോപാലകൃഷ്ണൻ, ഡോ.സജിമോൻ, ശ്രീ.അനീഷ്, ഐ.റ്റി കോ-ഓർഡിനേറ്റർ മധു വി.റ്റി എന്നിവരെ ഉൾപ്പെടുത്തി അഡ്മിഷൻ ഫസിലിറ്റേഷൻ കമ്മിറ്റി രൂപികരിച്ചു ഡോ.ജെ.ജി റേ യെ കമ്മറ്റിയുടെ കൺവീനർ ആയി നിയമിച്ചു.ഇത് സംബന്ധിച്ച് സർവ്വകലാശാലഉത്തരവ്നമ്പർ 8537/01/എ.സി.ബി7/അക്കാദമികം/2018 തീയതി 5/12/2018 പുറപ്പെടുവിച്ച നടപടി അംഗീകരിക്കുവാൻ ശുപാർശ ചെയ്തു.

12. സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രോഗ്രാമ്മുകളിലേക്കുള്ള പ്രവേശന പോർട്ടലായ ക്യാപിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ ഫോൺ നമ്പർ /ഇ.മെയിൽ എന്നിവയിലേക്ക് പഠനവകുപ്പുകളിലെ പ്രവേശനനടപടികളുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം അംഗീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

13. എല്ലാ പഠനവകുപ്പ് മേധാവികളും ഓരോ അക്കാദമിക വർഷത്തിലും അതാതു പഠന വകുപ്പുകളിലെ ജോലിഭാരം നിർണയിച്ച് റിപ്പോർട്ടും സ്റ്റുഡന്റ് പെർഫോമൻസ് ഡാറ്റയും സമർപ്പിക്കുവാൻ ശുപാർശ ചെയ്യുന്നു.

14. സി.എസ്.എസ് കൺവീനർ ജെ.ജി റേ തയ്യാറാക്കിയ 2019-20 വർഷത്തെ അക്കാദമിക കലണ്ടർ അംഗീകരിക്കുവാനും, അക്കാദമിക കലണ്ടർ ടേബിൾ ടോപ് ഫോമിലും,പോക്കറ്റ് ഫോമിലും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ശുപാർശ ചെയ്യുന്നു

15. വിവിധ പഠന വകുപ്പുകളിൽ എക്സ്റ്റേർണൽ എക്സാമിനേഷനായി എത്തുന്നവർക്ക് പ്രതിഫലം നൽകാൻ കാലതാമസം ഉണ്ടാകുന്നതിനാൽ നിർദിഷ്ട ബഡ്ജറ്റ് ഹെഡിൽ നിന്നും പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുവാൻ ശുപാർശ ചെയ്യുന്നു.

16. പഠനവകുപ്പുകളിലെ ഇന്റേണൽ എക്സ്റ്റേണൽ അനുപാതം 40:60 ആക്കുവാനും അതിനായി സി.എസ്.എസ് റെഗുലേഷൻ ഭേദഗതി ചെയ്യുവാനും ശുപാർശ ചെയ്യുന്നു.

ബഹുമാനപ്പെട്ട വൈസ് ചാൻസലർ സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം മേൽ ശുപാർശകൾ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഒപ്പ്)
ബൈജു എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ IV(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:
1. എല്ലാ പഠനവകുപ്പ് മേധാവിമാർക്കും
2. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ,പരീക്ഷാ കൺട്രോളർ, എന്നിവരുടെ പി.എ.മാർ
4. സി.എസ്.എസ് കൺവീനർ/ഐ.ക്യു.എ.സി ഡയറക്ടർ
5.എ.സി.എ 1/ എ.ഡി.ബി 7/എ.സി.എ 5/ കണ്ടന്റ് മാനേജ്മെന്റ് വിഭാഗം, ശ്രീ.അനീഷ് കുമാർ (വി.സി സെക്ഷൻ), വകുപ്പ് മേധാവി (സ്കൂൾ ഓഫ് സോഷ്യൽ സയൻസ്), ഡയറക്ടർ (യു.സി.ഐ.സി),ഫിനാൻസ് ഓഫീസറുടെ പി.എ (തുടർനടപടികൾക്കായി)
6.ജോയിന്റ് രജിസ്ട്രാർ II (ഭരണവിഭാഗം),ഡെപ്യൂട്ടി രജിസ്ട്രാർ III (അക്കാദമിക്) അസിസ്റ്റന്റ് രജിസ്ട്രാർ 1,11,111,1V(അക്കാദമിക്)
7. ഏസി.സി. സെക്ഷൻ,എ.സി.ബി 6,സി.ഐ.റ്റി.എ.ഡി/ഡോ.ജെ.ജി റേ(എസ്.ബി.എസ്)
8. സ്റ്റോക് ഫയൽ/ റെക്കോർഡ്സ്/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No: AcBVII/1/6356/2018